## പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 700

13.01.2021 ൽ മറുപടിയ്ക്ക്

## കൊച്ചിയിലെ വിനോദസഞ്ചാര പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ. ജെ. മാക്സി : | | ഉത്തരം<br>**ശ്രീ.കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം; എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | എ) 1. ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ നവീകരണവും സംരക്ഷണവും :-<br>ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ നവീകരണ പദ്ധതിക്കായി **03.06.2014** തീയതിയിലെ സർക്കാർ ഉത്തരവ് **(Rt)** നം **.4345/ 2014/ TSM** പ്രകാരം **1.5** കോടി രൂപയുടെ ഭരണാനുമതിയും പിന്നീട് **12.06.2019** തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ **(Rt) 196/ 2019/ TSM** പ്രകാരം **2.45** കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുള്ളതാണ്. ഇതിൽ **1.2** കോടി രൂപ നിർവഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിന് അനുവദിച്ചിട്ടുള്ളതുമാണ്. **26.07.2018** ൽ ഈ പദ്ധതിയുടെ നിർമാണ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു . നവീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ തടി വനം വകുപ്പിൽ നിന്ന് അനുവദിച്ച് **09.08.2017** ൽ സർക്കാർ ഉത്തരവ് നൽകുകയും തടികളുടെ വിലയായി ഒരു കോടിയോളം രൂപ വനം വകുപ്പിൽ **KITCO** അടയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിർവഹണം ആരംഭിച്ച വേളയിൽ കോടതി നിർദ്ദേശത്തെ തുടർന്ന് ചീനവല ഉടമസ്ഥരുടെ അസോസിയേഷന്റെ കൂടി പങ്കാളിത്തത്തോടെ മാത്രമേ പദ്ധതി നിർവഹിക്കുവാൻ കഴിയുമായിരുന്നുള്ളു ആയതുമൂലമാണ് നിർവഹണത്തിൽ കാലതാമസം നേരിട്ടത്. തുടർന്ന് പദ്ധതി നിർവഹണത്തിൽ മേൽനോട്ടം വഹിക്കുന്നതിനായി ബഹു .കൊച്ചി **MLA** ചെയർമാനായി ഒരു മേൽനോട്ടസമിതി സർക്കാർ രൂപീകരിക്കുകയും ടി സമിതി **22.12.2020** ൽ യോഗം ചേർന്ന് അടിയന്തിരമായി വനം വകുപ്പിൽ നിന്ന് തടി ഫിഷ് നെറ്റ് അസോസിയേഷന്റെ കൂടി സഹകരണത്തോടെ മുറിച്ചുകൊണ്ടുവന്ന് നിർമാണ |

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് **KITCO** ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് . ഉടൻ നിർമാണം ആരംഭിക്കുവാൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു.

2. മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക് അറ്റ് മട്ടാഞ്ചേരി :-

**05.08.2013** തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ **GO (Rt.) No.6556/ 2013/TSM** പ്രകാരം **4.92** കോടി രൂപയുടെ ഭരണാനുമതി നൽകി മട്ടാഞ്ചേരിയിലെ **Museum of Cultural Mosaic** എന്ന പദ്ധതിയിലെ രണ്ട് ഘടകങ്ങളിൽ ഒന്നായ ഹരി ഷേണായ് ബംഗ്ലാവിന്റെ നവീകരണവുമായി ബന്ധപ്പെട്ട പണികൾ കോവിഡ് **19** ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ കരാറുകാരൻ നിർത്തിവെച്ചിരുന്നു. ബാക്കി പ്രവൃത്തി ആരംഭിക്കുവാന് കരാറുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടി കരാറുകാരനെ ഒഴിവാക്കി മറ്റൊരു കരാറുകാരനെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നതായി നിർവഹണ ഏജൻസിയായ **KITCO** അറിയിച്ചിട്ടുണ്ട്

രണ്ടാമത്തെ ഘടകമായ ചെമ്പിട്ടപള്ളിയുടെ നവീകരണത്തിൽ അവശേഷിക്കുന്ന **ablution** ഏരിയയുടെ അറ്റകുറ്റപണികൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട് ആയത് കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്

3. ഫോർട്ട് കൊച്ചിയിലെ ലോകോത്തര നിലവാരത്തിലുള്ള ടോയ്ലറ്റ് കോംപ്ലക്സ്:-

**21.08.2019** തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ **GO (Rt.) No.263/ 2019/ TSM** പ്രകാരം **1.51** കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതിക്കുള്ള സ്ഥലവിനിയോഗാനുമതി റെവന്യൂ വകുപ്പിൽനിന്ന് ലഭിച്ചിട്ടുണ്ട് . ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട് കൊച്ചി കോർപറേഷനിൽ നിന്നുള്ള നിർമാണ അനുമതികൂടി ലഭിച്ചാലുടനെ തന്നെ നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കാനാവും.

4. ക്രൂയിസ് ടൂറിസം ഫെസിലിറ്റേഷൻ സെന്റർ ആൻഡ് പെർഫോമിംഗ് ആർട്സ് തിയേറ്റർ, കൊച്ചി :-

**16.09.2019** തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ **GO (Rt.) No.315/ 2019/ TSM** പ്രകാരം **4.84** കോടി രൂപയുടെ ഭരണാനുമതി നൽകിയ ഈ പദ്ധതി എറണാകുളം ഡി.ടി.പി.സി. **KSCADC** മുഖേനയാണ് നടപ്പാക്കുന്നത് . ഇത് ഫ്ലോട്ടിങ് രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത് ആയതിന്റെ ഡിസൈൻ **KSCADC** തയ്യാറാക്കി ചെന്നൈ **IIT** സാങ്കേതിക പരിശോധനക്കായി അയച്ചിരിക്കുകയാണ്

5. **Proposal for the Technical study on GRW system of protection of walkway and flexi geotextile tubes as submerged groins for Beach Reclamation**

**27,14,000/-** രൂപ ചെലവിൽ ഈ പഠനം ചെന്നൈ **IIT** മുഖേനയാണ് നടത്തുന്നത് . ലോക്ക് ഡൌൺ കാരണം ആവശ്യമായ സർവ്വേ നടത്തുന്നതിൽ കാലതാമസം ഉണ്ടായി എങ്കിലും ലോക്ക് ഡൗണിനു ശേഷം കരയിലും കടലിലും ഉള്ള സർവ്വേ **IIT TEAM** പൂർത്തീകരിച്ചിട്ടുണ്ട് . റിപ്പോർട്ട് ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| ബി | ഹെറിറ്റേജ് ടൂറിസവും ബിനാലെയും ഉൾപ്പെടെ പ്രധാനപ്പെട്ട സംരംഭങ്ങൾ നടക്കുന്ന കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | കൊച്ചിൻ ബിനാലെ യുടെ സ്ഥിരം വേദിയാക്കുന്നതിനായി ആസ്പിൻ വാളും കബ്രാൾ യാർഡും ഉൾപ്പെട്ട ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. ഫോർട്ട് കൊച്ചി സന്ദർശിക്കുന്ന സഞ്ചാരികൾക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഫോർട്ട് കൊച്ചിയിൽ വിനോദ സഞ്ചാര വകുപ്പ് ഒരു ഇൻഫർമേഷൻ സെന്റർ പ്രവർത്തിപ്പിച്ചുവരുന്നു. സഞ്ചാരികളുടെ സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചിൽ വിനോദ സഞ്ചാര വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട് . എറണാകുളം ഡി.ടി.പി.സി , കൊച്ചി ഹെറിറ്റേജ് സോൺ കൺസേർവഷൻ സൊസൈറ്റി എന്നിവയുമായി ചേർന്നു ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരണപ്രവർത്തനങ്ങൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| സി | മെഡിക്കൽ ടൂറിസത്തിന് പ്രാധാന്യമുള്ള കൊച്ചിയിൽ മെഡിക്കൽ ടൂറിസം വികസനത്തിനായി നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | സി) | ആരോഗ്യ രംഗത്ത് സ്വകാര്യ മേഖലയിലുൾപ്പെടെ ധാരാളം അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനങ്ങൾ ഉള്ള കൊച്ചിയിൽ മെഡിക്കൽ ടൂറിസത്തിന് സാധ്യത ഏറെയാണ് . നിലവിൽ മെഡിക്കൽ ടൂറിസം വികസനം മാത്രമായി ലക്ഷ്യമിട്ട് ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നില്ല. അന്താരാഷ്ട്ര തലത്തിൽ വിനോദ സഞ്ചാര വകുപ്പ് നടത്തിവരുന്ന എല്ലാ വിപണന പ്രവർത്തനങ്ങളും മെഡിക്കൽ ടൂറിസം വികസനം കൂടി ലക്ഷ്യമിട്ടുള്ളവയാണ് |
| ഡി | കൊച്ചിയിലും പരിസരമേഖലയിലുമുൾപ്പെടെ മുടങ്ങികിടക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പൂർത്തീകരണങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | ഡി) | താത്കാലികമായി മുടങ്ങി കിടക്കുന്ന പദ്ധതികൾ ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ നവീകരണവും സംരക്ഷണവും, മ്യൂസിയം ഓഫ് കൾച്ചറൽ മൊസൈക് അറ്റ് മട്ടാഞ്ചേരി എന്നിവയാണ്. അവയുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ ചോദ്യം എ **(1)** , **(2)** എന്നിവയിൽ ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**